# കുഞ്ഞി

ആസ്മ മൂർച്ചിച്ച് അമ്മ ശ്വാസമെടുക്കാൻ പ്രയാസപ്പെടുന്നത് കണ്ടപ്പോഴാണ് കുഞ്ഞി വീട് വിട്ട് നിരത്തിലേക്ക് ഇറങ്ങിയത്. ശ്വാസം വലിക്കാൻ കഴിയാതെയുള്ള അമ്മയുടെ മരണവെപ്രാളം കണ്ടപ്പോൾ അവൾ വല്ലാതെ ഭയപ്പെട്ടു. അമ്മയുടെ കണ്ണുകൾ പുറത്തേക്ക് തുറിച്ചു വന്നു, കഴുത്തിലെ ഞരമ്പുകൾ വലിഞ്ഞു മുറുകി. ഈ രാത്രിയിൽ അവരെ സഹായിക്കാൻ കൂട്ടിന് ആരുമില്ല. ആകെയുള്ള ഒരാൺ തൊണ ഏട്ടനാണ്, സമയം അർദ്ധരാത്രി കഴിഞ്ഞിട്ടും അവൻ ഇതുവരെ വീട്ടിലേക്ക് മടങ്ങി വന്നിട്ടില്ല.

കുഞ്ഞി വീട്ടു പടിക്കലെ ഇരുട്ട് കടന്ന് പാതയോരത്തെ വഴിവിളക്കിന്റെ വെളിച്ചതിന് ചുവട്ടിലേക്ക് കയറി നിന്നു. പാത തീർത്തും ശൂന്യമാണ്. ഒരു ബൈക്ക് യാത്രികനെ പോലും കാണാനില്ല. രാത്രി ഏറെ വൈകിയിരിക്കുന്നു. നല്ല നിലാവുള്ള രാത്രി. ആകാശം പതിവിലേറെ നക്ഷത്രങ്ങളെ മുകളിൽ നിരത്തി വെച്ചിരിക്കുന്നതായി അവൾക്കു തോന്നി. അവളുടെ പാവാട തുമ്പിനെ ഉലക്കാനായി തണുത്ത കാറ്റ് വഴിമരങ്ങളിൽ നിന്നും താഴോട്ട് ഊർന്നിറങ്ങി വന്നു. തെരുവ് മകരമഞ്ഞിൽ മരവിച്ചു കിടക്കുന്നു. കുഞ്ഞിയുടെ മനസ്സും ശരീരവും ശീതക്കാറ്റേറ്റ് വിറയ്ക്കുവാൻ തുടങ്ങി. കുളിര് സഹിക്കാനാകാതെ അവൾ സ്വയം മുറുക്കെ പുണർന്നു.

ഓരോ നിമിഷങ്ങൾ കഴിയും തോറും അവളുടെ ഭയം കൂടിക്കൂടി വന്നു. അമ്മയെ എത്രയും പെട്ടന്ന് ആശുപത്രിയിൽ എത്തിക്കാൻ കഴിഞ്ഞെങ്കിൽ. .  'ഈ കുഞ്ഞാഞ്ഞ എവിടെപ്പോയി കിടക്കാണ്, നശിച്ച കൂട്ടുകാരുമൊത്ത് എവിടെങ്കിലും ചെന്നിരുന്ന് വേണ്ടാത്ത വിക്രസുകൾ ഒപ്പിക്കയാവും. ' അവൾ അരിശത്തോടെ പല്ലിറുമ്പി.  അമ്മ അവനെ പറഞ്ഞു വിലക്കാൻ ശ്രമിക്കും തോറും അവന്റെ വാശി കൂടി വരാണ്. അവനെന്തേ ഇങ്ങനെ? കോളേജിൽ പോയിത്തുടങ്ങിയ ശേഷമാണ് അവനിങ്ങനെ മാറിയത്. അച്ഛൻ ഉപേക്ഷിച്ചിട്ടു പോയ തങ്ങളെ എത്ര കഷ്ടപ്പെട്ടാണ് അമ്മ നോക്കണത്. ഈ ആസ്മയും വെച്ച് ക്വാറിപ്പണിക്ക് പോയിട്ടാണ് അമ്മ രണ്ടാളേയും വളർത്തണത്. ക്വാറിപ്പൊടി ശ്വസിച്ച് ശ്വസിച്ച് അമ്മയുടെ ദീനവും കൂടി. പാവം അമ്മ. സങ്കടം സഹിക്കാൻ കഴിയാതെ അവൾ കണ്ണീര് തുടച്ചു. പിന്നെയും പ്രതീക്ഷയോടെ ദൂരേക്ക് നോക്കി നിന്നു. ഏതെങ്കിലും ഒരു വണ്ടി വരാതിരിക്കില്ല. അർദ്ധരാത്രി കഴിഞ്ഞും പാണ്ടിലോറികൾ ഇടതടവില്ലതെ ഓടുന്ന ആ നിരത്ത് അന്ന് തീർത്തും ശൂന്യമായി കിടക്കുന്നത് കണ്ടപ്പോൾ അവൾക്ക് നിരാശയും സങ്കടവും വന്നു. ഓടിപ്പോയി അമ്മയെ ഒന്ന് കണ്ടു വരാൻ ആശ തോന്നിയെങ്കിലും അതിനിടക്ക് വല്ല വണ്ടിയും വന്നാൽ കൈകാട്ടി നിർത്താൻ കഴിയാതെ പോയാലോ എന്നോർത്ത് അവൾ അവിടെത്തന്നെ നിന്നു.

Edit with WPS Office

നിശബ്ദമായ ആ രാത്രിയിൽ ചീവീടുകളുടെ ഒച്ചപോലും കുഞ്ഞിയെ വല്ലാതെ ഭയപ്പെടുത്തി. കൊച്ചിലേ തൊട്ട് അമ്മ പറഞ്ഞു കൊടുത്തിട്ടുള്ള പ്രേതകഥകളൊക്കെ പെട്ടന്ന് ഓർത്തെടുത്ത് അവളുടെ മനസ്സ് വല്ലാതെ അസ്വസ്ഥമാകാൻ തുടങ്ങി. ആറാം ക്ലാസ്സിൽ എത്തിയിട്ടും നീയിപ്പോഴും പഴയ 'പേടിക്കുട്ടി' തന്നെയാണെന്ന് പറഞ്ഞ് ഏട്ടൻ എപ്പോഴും അവളെ കളിയാക്കാറുണ്ട്. ഓൻ പറയണ് കേട്ടാത്തോന്നും താൻ കല്യാണം കഴിക്കാൻ മാത്രം മുതർന്നൂന്ന്. .

കാറ്റു പിടിച്ച് മരങ്ങൾ ആടിയുലയുമ്പോൾ അവയുടെ നിഴലുകൾക്കിടയിൽ ഭയം ജനിപ്പിക്കുന്ന വിചിത്ര രൂപങ്ങൾ തെളിഞ്ഞു വരുന്നു. അമ്മയുടെ വയ്യായ്കയേക്കാൾ പേടിപ്പെടുത്തുന്നതല്ലാ അവയൊക്കെയും എന്നതിനാൽ അവൾ എല്ലാം സഹിച്ച്, ധൈര്യം സംഭരിച്ച് അവിടെത്തന്നെ തറച്ചു നിന്നു. പലപ്പോഴും അമ്മക്ക് വലിവ് വന്ന് ശ്വാസം കഴിക്കാൻ പ്രയാസപ്പെടുന്നത് അവൾ കണ്ടിട്ടുണ്ട്. പക്ഷെ ഇത്രയും ദയനീയമായ അവസ്ഥയിൽ അമ്മ പ്രയാസപ്പെടുന്നത് ആദ്യമായി കാണുകയാണ്.

'കെട്ടിക്കൊണ്ടോന്ന അന്ന് മുതല് അയാള് നടുംപുറത്തേക്കും നെഞ്ചിലേക്കുമൊക്കെ കൊറേ തല്ലും ചവിട്ടൊക്കെ ചെയ്തിട്ടുണ്ട്.  അതന്യാവും നിക്ക് ഇത്ര  ചെറുപ്പത്തിലെന്നെ ഈ വലിവിന്റെ സൂക്കേടൊക്കെ വന്നത്. '

അതും പറഞ്ഞുകൊണ്ട് അമ്മ പലപ്പോഴും സങ്കടത്തോടെ കണ്ണ് നിറക്കുന്നത് അവൾ കണ്ടിട്ടുണ്ട്. അച്ഛന്റെ മുഖം വ്യക്തമായി ഓർത്തെടുക്കാൻ കഴിയാറില്ലെങ്കിലും 'അച്ഛൻ' എന്ന് കേൾക്കുമ്പോൾ ക്രൂരത ചുവക്കുന്ന ഒരു മുഖമാണ് അവളുടെ മനസ്സിൽ തെളിഞ്ഞു വരുക. അയാൾ തങ്ങളെ ഉപേക്ഷിച്ചു പോയത് നന്നായി എന്ന് അവൾക്ക് എപ്പോഴും തോന്നാറുണ്ട്, ഇല്ലെങ്കിൽ ആ ദുഷ്ടൻ തന്റെ അമ്മയെ തച്ചു കൊന്നേനെ. .

ഒറ്റ വണ്ടിയും കാണാതായതോടെ ക്ഷമ നശിച്ച്  അവൾ പാതയിലെ വളവ് തിരിഞ്ഞ് ജംഗ്ഷന് നേരെ വലിഞ്ഞു നടന്നു. അടുത്തുനിന്നെന്നല്ല ദൂരെനിന്ന് പോലും ഒരൊറ്റ വണ്ടിയുടേയും ഞരക്കം കൂടി കേൾക്കാനില്ല. നടന്നു നടന്ന് അവൾ വീട്ടിൽ നിന്നും തെല്ലു ദൂരം പിന്നിട്ടു കഴിഞ്ഞു. തിരിഞ്ഞു നോക്കിയപ്പോൾ ആ ഇരുട്ടിൽ താൻ അമ്മയിൽ നിന്നും ഒരുപാട് അകലത്തെത്തിയത് പോലെ അവൾക്ക് തോന്നി. ഇനിയും ഏറെ ദൂരം പോയിട്ട് ഒരു കാര്യവും ഇല്ല. അവൾ തിരിച്ചു നടന്നു. അമ്മയുടെ ചാരത്തെത്താൻ ഏറെ ആയാസപ്പെട്ട് ധൃതിയിൽ പിറകോട്ട് നടന്നു തുടങ്ങി.

പെട്ടന്ന് പിന്നിൽ നിന്നും ഒരു വണ്ടിയുടെ മുരൾച്ച കേട്ടപ്പോൾ അവൾ പ്രതീക്ഷയോടെ തിരിഞ്ഞു നോക്കി. ഒരു ഒമ്നി വാൻ വേഗത്തിൽ പാഞ്ഞു വരുന്നു. അവൾ തിരിഞ്ഞു നിന്ന് വണ്ടിക്ക് കുറുകെ കൈ നീട്ടി. തെല്ലു ദൂരം ചെന്ന ശേഷം വണ്ടി സഡൻ ബ്രെയ്ക്കിട്ട് നിന്നു. അവൾ സന്തോഷത്തോടെ വണ്ടിക്ക് നേരെ പാഞ്ഞു ചെന്നു. മുൻപൊക്കെ ഒമ്നി വാൻ കാണുമ്പോൾ കുഞ്ഞാഞ്ഞ പറയും- 'കണ്ടോ അത് കിഡ്‌ണാപ്പുകാരടെ വണ്ടിയാണ്. നീ സിനിമേലൊക്കെ കണ്ടിട്ടില്ലേ? ഗുണ്ടകള് ആൾക്കാരടെ അടുത്ത് കൊണ്ടോന്ന് വണ്ടി നിർത്തിട്ട്, ഡോറ് വലിച്ച് തുറന്ന്, അവരെ അകത്തേക്ക് വലിച്ചിട്ട ശേഷം വേഗത്തിൽ ഓടിച്ചു പോണത്? നീ ഈ വണ്ടി എവിടെ വച്ചേലും കണ്ടാല്

Edit with WPS Office

അടുത്തേക്ക് പോകണ്ടാട്ടോ,  തട്ടിക്കൊണ്ടോവാൻ വരണതാണ്. . . '

ആ നേരത്ത് അവൾ അതൊന്നും ഓർത്തതേയില്ല. അവൾ വണ്ടിയുടെ അരികിലേക്ക് പാഞ്ഞു ചെന്നു. വാനിന്റെ സ്ലൈഡ് ഡോർ വലിച്ച് തുറക്കപ്പെട്ടു. അകത്ത് കുറേ കൗമാരക്കാരായ പിള്ളേരാണ്. അവരുടെ ചുണ്ടിൽ ചുരുട്ടുകൾ പുകഞ്ഞു നീറുന്നുണ്ട്. കുഞ്ഞി വണ്ടിയുടെ അടുത്തേക്ക് കൂടുതൽ ചേർന്നു നിന്ന് ഉറക്കെ പറഞ്ഞു.

'എന്റെ അമ്മക്ക് വലിവിന്റെ അസുഖം ജാസ്തിയായി, ഒന്ന് ആശുപത്രീല് കൊണ്ടാക്കി തരോ? '

ഒരപേക്ഷയുടെ സ്വരത്തിലാണ് അവളത് പറഞ്ഞൊപ്പിച്ചത്. എന്നിട്ടും അവരത് വ്യക്തമായി കെട്ടിട്ട് കൂടിയില്ലെന്ന് കുഞ്ഞിക്ക് മനസ്സിലായി. ബീഡി വലിച്ചാ ചെവി കേൾക്കാണ്ടാവോ! അവൾ ഒന്നുകൂടി ചേർന്നു നിന്ന് കൂടുതൽ ഉച്ചത്തിൽ പറഞ്ഞു-

'എന്റെ അമ്മക്ക് വലിവിന്റെ അസുഖം ജാസ്തിയായേ,  ഒന്ന് ആശുപത്രീല്. . . '

അവളത് പറഞ്ഞു മുഴുവിക്കും മുൻപ് കൂട്ടത്തിൽ ഒരുത്തൻ അവളെ വാനിന്റെ അകത്തേക്ക് വലിച്ചിട്ട് ഡോറ് വലിച്ചടച്ചു. അവളുടെ നേരിയ ഒച്ച മാത്രമേ പുറത്തേക്ക് കേട്ടുള്ളൂ. വാൻ വേഗത്തിൽ ഇരുട്ടിലേക്ക് പാഞ്ഞു പോയി.

മെയിൻ റോഡിൽനിന്നു തിരിഞ്ഞ് വിജനമായ ഒരു സ്ഥലത്തെ ഇരുട്ടിലേക്കാണ് വാൻ ചെന്നു നിന്നത്. ഭയം കുഞ്ഞിയുടെ നവധ്വാരങ്ങളിലൂടെയും പുകഞ്ഞു പുറത്തേക്ക് വന്നു. നെഞ്ചിടിപ്പിന്റെ വേഗം കൂടി, കൈ കാലുകൾ തളർന്നു. പേടി മൂലം ഉമിനീരു വറ്റി, തൊണ്ടയൊട്ടി. 'എന്നെയൊന്നും ചെയ്യരുതേ' എന്നൊരപേക്ഷയോടെ അവൾ ഏങ്ങലടിച്ചു കരഞ്ഞു. കുറേ പേര് ചേർന്ന് അവളുടെ ഇളം പിങ്ക് നിറത്തിൽ മഞ്ഞ പൂക്കളുള്ള  മേലുടുപ്പ് വലിച്ചു കീറി. പാവാടയും കീറിപ്പറിച്ചു. കുഞ്ഞിക്ക് ഒരുപാട് സങ്കടം വന്നു. അവൾക്ക് ഏറ്റവും ഇഷ്പെട്ട ഉടുപ്പാണത്.

ഇച്ചീച്ചിയിലൂടെ ഒരു നീറ്റൽ കയറി ഇറങ്ങുന്നത് സഹിക്കാൻ കഴിയാതെ കുഞ്ഞി കണ്ണടച്ച് കിടന്നു. അരക്കെട്ടിലെ അസ്ഥികൾ ഓരോന്നായി ഞെരുഞ്ഞു പൊട്ടുന്ന വേദന. നെഞ്ചിലും കഴുത്തിലും നഖക്ഷതങ്ങളുടെ നീറ്റൽ. പൽക്ഷതങ്ങളേറ്റ് വാച്ചു വട്ടത്തിലുള്ള ചുവന്ന തടിപ്പുകൾ അവളുടെ കവിളുകളിൽ തിണർത്തു കിടന്നു. അവൾ കഴുത്ത് ഇരു വശത്തേക്കും ആവുന്നത്ര ശക്തിയിൽ ഇട്ടുരുട്ടി. കണ്ണീർ ചാലുകൾ കവിളിലൂടെ ഒലിച്ചിറങ്ങി കാറിന്റെ സീറ്റിൽ തളം കെട്ടി കിടന്നു. അവളുടെ വായ ആരോ ബലമായി പൊത്തി പിടിച്ചിട്ടുണ്ട്. വായ പൊത്തിയില്ലെങ്കിലും അവൾ കരയില്ലായിരുന്നു. കാരണം അവൾ അത്രമേൽ അവശയായികഴിഞ്ഞിട്ടുണ്ട്. ചുണ്ടുകൾ ഉരഞ്ഞുപൊട്ടി നാവിൽ ചോര ചുവക്കുന്നു. അവളുടെ കൈകൾ ഒരാൾ അമർത്തിപിടിച്ചിട്ടുണ്ട്, കാലുകൾ രണ്ടും പിളർത്തി വെച്ച് കുടയാൻ കഴിയാത്ത വിധം മുറുക്കെ വലിച്ചു പിടിച്ചിരിക്കുന്നു. തൊണ്ടകുഴിയിലെ വെള്ളം വറ്റി ശ്വാസം പോലും പുറത്ത് വരുന്നില്ല. അവളുടെ മുകളിൽ കിടന്നിരുന്നവൻ അവളെക്കാൾ ശക്തമായി കിതച്ചു,  ഉറവ പൊട്ടിയൊലിച്ച നിർവൃതിയിലവൻ അവളുടെ ഇടത് ചെവിയിൽ അമർത്തി

Edit with WPS Office

കടിച്ചു. അയാൾ അടർന്ന് മാറിയപ്പോൾ അടുത്തവൻ അവളിലേക്ക് ആഴ്ന്നു. ഇത് എത്രമത്തെ ആളാണെന്ന് തന്നിലേക്കിങ്ങനെ അമരുന്നതെന്ന് കുഞ്ഞിക്ക് യാതൊരു നിശ്ചയവുമില്ല. എല്ലാം സഹിക്കാം, തന്റെ ഉടുപ്പ് കീറിപ്പറിച്ചതിലാണ് അവൾക്ക് സങ്കടം. കഴിഞ്ഞ പിറന്നാളിന് അമ്മ വാങ്ങി തന്നതാണ്. വിശേഷ ദിവസങ്ങളിൽ മാത്രം ഉടുപ്പിക്കാൻ അമ്മ മാറ്റി വെച്ച ഉടുപ്പാണത്, ഇന്നൽപ്പം വാശിപിടിച്ചപ്പോൾ 'കറയാക്കരുത് ട്ടോ' എന്ന് അമ്മ പ്രത്യേകം പറഞ്ഞാണ് ഉടുപ്പിട്ട് തന്നത്.

കാലിടുക്കിലെ നീറുന്ന വേദന മറക്കാൻ കുഞ്ഞി കാറിന്റെ ഗ്ലാസിലൂടെ പുറത്ത് കടക്കാൻ ശ്രമിക്കുന്ന ഒരു മിന്നാമിനുങ്ങിനെ തന്നെ നോക്കിയിരുന്നു. കാറിന്റെ ഗ്ലാസുകൾ കയറ്റി വച്ചപ്പോൾ അത് ഉള്ളിൽ പെട്ടുപോയതാണ്. ആ കുഞ്ഞു മിന്നാമിനുങ്ങിനെ അതിന്റ അമ്മ തിരയുന്നുണ്ടാവുമോ എന്നവൾ ചിന്തിച്ചു. 'അമ്മ' അവളുടെ ശിരസിലൂടെ ഒരു വെള്ളിടി പാഞ്ഞു പോയി. അമ്മ ശ്വാസം കിട്ടാതെ പുളയുന്നത് കണ്ടിട്ടാണ് അവൾ വീടു വിട്ടു പോന്നത്. അമ്മക്ക് ഭേധമായിക്കാണുമോ?

വാനിന്റെ ഉള്ളിൽ ഒരു അരണ്ട വെളിച്ചം മാത്രമാണ് ഉണ്ടായിരുന്നത്. ആ കുഞ്ഞു മിന്നാമിനുങ്ങിന്റെ നുറുങ്ങു വെട്ടം. തന്നെ നോവിക്കുന്ന നിഴലുകളെയല്ലാതെ അവൾക്കൊന്നും വ്യക്മായി കാണാൻ കഴിഞ്ഞിരുന്നില്ല. അടിയേറ്റ് ചേതനയറ്റു തുടങ്ങുന്ന പാമ്പിനെ പോലെ അവൾ അശക്തമായി പുളഞ്ഞു. ശ്വാസോഛ്വാസത്തിന്റെ വേഗമടങ്ങി, നെഞ്ചിടിപ്പിന്റെ താളമയഞ്ഞു, അവളുടെ ചിന്തകളിലേക്ക് പോലും ഇരുട്ട് പടർന്നു തുടങ്ങിയിരുന്നു.

അവൾക്ക് മുകളിൽ കിടന്ന് കിതച്ചിരുന്ന പയ്യൻ അവളിൽ നിന്നും മെല്ലെ അടർന്നു മാറി. ഒരു മെലിഞ്ഞ ചെറുക്കൻ പാൻസിന്റെ സിബ്ബ് വലിച്ച് തുറന്ന് അവളുടെ അരികിലേക്ക് നിരങ്ങി വന്നു. കയ്യിലിരുന്ന സിറിഞ്ച് കൈമടക്കിലെ ഞരമ്പിലേക്ക് തറച്ചു കയറ്റി അവൻ നിർവൃതി പൂണ്ടു. അവൻ അവളുടെ അടുത്തേക്ക് കൂടുതൽ ചേർന്നിരുന്നു.

'വാ പൊത്തണ്ട. എനിക്കവളുടെ ഒച്ച കേൾക്കണം' അവൻ കൂടെയുള്ളവനോട് പറഞ്ഞു. കൂട്ടുകാരൻ അവളുടെ വാ പൊത്തിപ്പിടിച്ചിരുന്ന കൈ അയച്ചു. തന്റെ തൊണ്ടയിൽ ശേഷിച്ച ഞരക്കത്തോടൊപ്പം കുഞ്ഞി അവനോട് പറയുന്നുണ്ടായിരുന്നു - 'കുഞ്ഞാഞ്ഞേ, നമ്മുടെ അമ്മ. . . '

Edit with WPS Office